കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിന് കെട്ടിട നിർമ്മാണം

324 (7295) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിന് പൊതുമരാമത്ത് വകുപ്പിൽനിന്നും 44 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കായംകുളം കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിന്റെ സ്ട്രക്ച്ചർ (പ്ലാസ്റ്ററിംഗ് ഉൾപ്പെടെ) പൂർത്തിയായി. ഫ്ളോറിംഗ്, പെയിന്റിംഗ്, മറ്റു ഫിനിഷിംഗ് ജോലികൾ എന്നിവ പൂർത്തിയാക്കുവാനുണ്ട്.

31-8-2014-നകം പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തൃക്കരിപ്പൂർ ഗവ.പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

325 (7296) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം പുനഃരാരംഭിക്കുന്നതിന് റിവൈസ്ഡ് എ.എസ്. നൽകാൻ കാലതാമസംവരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ പണി ആദ്യംചെയ്ത കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) ചീഫ് എഞ്ചിനീയർമാരുടെ മീറ്റിംഗിൽ പുതുക്കിയ എസ്റ്റിമേറ്റിൽ പണിചെയ്യാൻ തയ്യാറായ കരാറുകാരനെതിരെ നടപടി സ്വീകരിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃക്കരിപ്പൂർ ഗവണ്മെന്റ് പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തിക്ക് DSR 2013 നിരക്കനുസരിച്ച് 723 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകേണ്ടത് ഉന്നത വിദ്യാഭ്യാസവകുപ്പിൽ നിന്നാണ്.

(ബി) എഗ്രിമെന്റ് പ്രകാരം 3-7-2005-ന് തീർക്കേണ്ട പ്രസ്തുത പ്രവൃത്തി രണ്ടു തവണകളിലായി സമയപരിധി 30-9-2008 വരെ നീട്ടിക്കൊടുത്തെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ എടുക്കാതെ അകാരണമായി പ്രവൃത്തി വൈകിപ്പിക്കുകയാണുണ്ടായത്. ചെയ്തുതീർത്ത പ്രവൃത്തിക്കായി 139.52 ലക്ഷം രൂപ കരാറുകാരന് നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തിക്ക് കൂടിയ നിരക്ക് നൽകുവാൻ നിർവ്വാഹമില്ലാത്തതിനാൽ കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചു.

(സി) ചീഫ് എഞ്ചിനീയർമാരുടെ മീറ്റിംഗിൽ നിലവിലുള്ള കരാറുകാരൻ ഇതുവരെ ചെയ്ത പ്രവൃത്തിക്ക് പഴയനിരക്കിൽ പണം കൊടുക്കണമെന്നും ബാക്കിയുള്ള പണികൾ പുതുക്കിയ നിരക്കിൽ നിലവിലുള്ള കരാറുകാരനെ കൊണ്ട് ചെയ്യിക്കുന്നതിനും സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ ഈ പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുകയുണ്ടായില്ല. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റിലുള്ള പ്രവൃത്തി ടെണ്ടർവഴിമാത്രമേ നൽകാൻ കഴിയൂ. ആയതിനാലാണ് കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചത്.

പാളയം രക്തസാക്ഷിമണ്ഡപം സർക്കാരിതര പരിപാടികൾക്കായി ഉപയോഗിക്കുന്നതിലെ നിബന്ധനകൾ

326 (7297) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പാളയം രക്തസാക്ഷിമണ്ഡപത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ 2013 ജൂലൈ 1 മുതൽ നടത്തിവന്ന അനിശ്ചിതകാല ധർണ്ണ അവസാനിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം ധർണ്ണയ്ക്കുവേണ്ടി ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നോ ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly